"ഭരണഭാഷ-മാതൃഭാഷ"

*അടിയന്തിരം*

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ഇ2/11303/14

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 11/06/2014

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- 2014-15 - റീ അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണം - ശുപാർശ അയക്കുന്നത് - സംബന്ധിച്ച്.

സൂചന:- 28.05.2014 ലെ ഇ2/11303/14 നമ്പരായ സർക്കുലർ.

അഞ്ച് വർഷത്തിന് മുൻപ് അഫിലിയേഷൻ ലഭിച്ചിട്ടുള്ള എല്ലാ ട്രേഡുകൾക്കും വീണ്ടും അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി സി.ഡി. ഉൾപ്പെടെ 09.06.2014 ന് മുൻപ് അയച്ചുതരുവാൻ സൂചനാ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നാളിതുവരെ ആയിട്ടും പല ഐ.ടി.ഐ.കളിൽ നിന്നും ശുപാർശ ലഭിച്ചതായി കാണുന്നില്ല. 2014-15 സാമ്പത്തിക വർഷത്തിൽ തന്നെ റീ അഫിലിയേഷൻ നേടിയെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും ആഗസ്റ്റ് 2015 ന് മുൻപ് റീ അഫിലിയേഷൻ ലഭിക്കാത്ത ഐ.ടി.ഐ.കളിൽ 2015-16 വർഷം എൻ.സി.വി.ടി. ട്രേഡുകളിൽ അഡ്മിഷൻ നടത്താൻ അനുവദിക്കുന്നതല്ലായെന്നും ഡി.ജി.ഇ.റ്റി. നിർദ്ദേശിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ ടി ഉപകരണങ്ങൾ സംഭരണം നടത്തേണ്ടതിനാൽ അടിയന്തിരമായി പ്രസ്തുത ശുപാർശകൾ യഥാസമയം അയച്ചുതരാത്തതിനുള്ള വിശദീകരണം സഹിതം സൂചനയിലെ സർക്കുലറിൽ നിഷ്കർഷിച്ചിരുന്നതു പ്രകാരമുള്ള പ്രൊപ്പോസൽ മടക്കതപാലിൽ തന്നെ അയച്ചുതരേണ്ടതാണ്. കാലതാമസം കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ നിർബന്ധിതമായി തീരും എന്ന വസ്തുത ഒരിക്കൽ കൂടി അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

To

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്: 1. JAA (C) (വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
2. സംഭരണ ഫയൽ (ഇ2).

ആർ.ഇ.11.6.14 എ